# ജി. ബി യു പി എസ്
# തത്തമംഗലം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



### ആമുഖം

പാലക്കാട് ജില്ലയിലെ പാലക്കാട് വിദ്യാഭ്യാസ ജില്ലയിൽ ചിറ്റൂർ ഉപജില്ലയിലെ തത്തമംഗലം സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ജിബി യുപിഎസ് തത്തമംഗലം പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ വിവിധ ക്ലാസുകളിലായി പഠിതാക്കളുണ്ട്.

ഈ പ്രദേശത്ത് തമിഴ് സംസാരിക്കുന്നവർ കൂടുതലുള്ളതിനാൽ തമിഴ് മാധ്യമത്തിലും പഠനം നടത്തിയിരുന്നു. 1928 ൽ പള്ളിമുക്കിൽ ഇപ്പോൾ കൃഷിഭവൻ പ്രവർത്തിക്കുന്ന സ്ഥലത്ത് ഒരു എലിമെന്ററി സ്കൂൾ സ്ഥാപിച്ചു. ഈ പ്രദേശത്ത് തമിഴ് സംസാരിക്കുന്നവർ ശ്രീ. പി. ചെന്താമര മേനോൻ പ്രസിഡണ്ടായ വെൽഫെയർ കമ്മിറ്റിയുടെ ശ്രമഫലമായി ഇത് ഒരു യു. പി സ്കൂൾ ആയി ഉയർത്താനുള്ള ശ്രമം ആരംഭിച്ചു. 1964 ചെന്താമര നഗറിൽ 1.54 ഏക്കർ സ്ഥലം ഗവൺമെന്റ് വിലകൊടുത്ത് വാങ്ങുകയും കെട്ടിടങ്ങൾ പണിത് സ്കൂൾ ഇവിടേക്ക് മാറ്റുകയും ചെയ്തു. പുതിയ കെട്ടിടം വന്നതോടുകൂടി 6,7 ക്ലാസുകൾ ആരംഭിക്കുകയും യുപിസ്കൂൾ ആയിത്തീരുകയും ചെയ്തു.

കാലത്തിൻറെ വിശാലതയിൽ അനിവാര്യ മാറ്റങ്ങളോടെ അക്ഷര കൈത്തിരി നാളങ്ങൾ പകർന്ന് അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ തന്റേതായ ഒരു ശൈലിയിൽ ചിറ്റൂർ സബ്ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണ് GBUPS തത്തമംഗലം

| ജി.ബി.യു.പി.സ്കൂൾ - തത്തമംഗലം | | | |
|---|---|---|---|
| **അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 - 2026** | | | |
| **യു.പി - മലയാളം** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ |
| | * **അക്ഷരദീപം**<br>**എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക്, പിന്തുണ നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്ന സ്കൂളിന്റെ തനതു പരിപാടി.** | അധ്യയന വർഷം ആദ്യ പാതി | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക. | **വാർത്താ ലോകത്തേക്ക്** പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു<br><br>**വാർത്താ വായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ,ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.<br><br>***'വിജ്ഞാനച്ചെപ്പ്' എന്ന പേരിൽ പ്രശ്നോത്തരി, സ്കൂളിന്റെ തനതു പരിപാടിയായി നടത്തുന്നു]** | എല്ലാ ദിവസവും<br><br>പ്രതിമാസം<br><br>വർഷത്തിൽ മൂന്നു പ്രാവശ്യം<br><br>പ്രതിമാസം | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം അധ്യാപകർ |
| | | | |

| | | | |
|---|---|---|---|
| സാഹിത്യകൃതികളോടും, സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മാസ്റ്റർ,മലയാളം അധ്യാപകർ |
| മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടിയെടുക്കലും, സർഗാത്മകശേഷി വളർത്തലും. | **ഇ -കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാന്ത്യം | മലയാളം,ഐ.ടി.അധ്യാപകർ<br><br>മലയാളം അധ്യാപകർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു. | വർഷാന്ത്യം | പി.ടി.എ,സ്കൂൾ |

# Academic Master Plan UP English

| The Goal | Activities | Time | Task | Presents | Financial Analysis |
|---|---|---|---|---|---|
| 1.Provides opportunities to develop active listening through stories, conversation or audio material. | ❖ Lend your ear<br>Plays simple and fun English recordings. Encourages the children to provide appropriate answer to related question | Daily | English teachers | In English class room | English club |
| | ❖ Draw Picture<br>Ask the students to draw by listening oral instruction of the teacher | Once in a week | English teachers | English class room | English Club |
| | ❖ Radio or podcast listening<br>Give opportunities to listen to breaking news headlines of radio news. | Daily | English teachers | School Assembly | English club |
| | ❖ Treasure hunt<br>Make different compartments using different objects. Give each compartment a number and describe the object that is drawn. Other children identify the object and give points | Once in a week | English teachers | English Class room | English club |
| 2. Build confidence in oral communication through dialogues role plays and story telling. | ❖ Role play<br>Simple conversation related to chapters are enact as role play. | Weekly | English teachers | English Fest or Daily Assembly | English club |
| | ❖ Picture talk<br>Students describe the picture display in the | Based on | | | English Club |

# Academy Master Plan 2025

| | | | | | |
|---|---|---|---|---|---|
| | class.<br>❖ Story telling<br>Students retell familiar stories or create their own<br><br>❖ Debate<br>Conduct formal debates with teams for and against a topic.<br><br>❖ Short Speech<br>Prepare a short Speech and present it in the class topics like my Hero , My precious gift. etc | the chapter<br><br><br>Monthly<br><br><br>Once in a month | English teachers<br><br><br>English teachers | Class room<br><br><br>Classroom | English club<br><br><br>English club |
| 3 encourage extensive reading through stories, poems, articles, biographies etc | ❖ I Too Can<br>Arranges various reading cards at different levels. Provides the opportunity to read without mistakes. (From simple to complex)<br><br>❖ Leaning Ladder<br>Give children the opportunity to write a few words chosen from the lesson on a chart and read them in the mirror. Those who correctly guess all the words are able to climb the ladder and win a hidden prize.<br><br>❖ Reader of the Month<br>It is honored by giving the opportunity to read an English daily newspaper. | Weekly<br><br><br>In a week | English teachers<br><br>English teachers<br><br>English teachers | Class room<br><br>Class room<br><br>Classroom | English club<br><br>English Club<br><br>English club<br><br>English club |
| 4. To develop creative writing personal expressions without any mistake. | ❖ My Droplets<br>preparing a class magazine and mini dictionary featuring children's artwork. | At the end the year | English teacher | | English club |

# Academy Master Plan 2025

| | | | | | |
|---|---|---|---|---|---|
| | ❖ Alert Zone<br>Displays notice boards, posters, and notices in the school environment and classrooms.<br><br>❖ Run Baby Run<br>The class is divided into groups. The words displayed on the chart are read once and then written on another chart without errors. The group that writes the sentences correctly first is declared the winner.<br><br>❖ Fun time Funda<br>Provides an opportunity to prepare riddles, tricky questions, and jokes and present them in class. | During the day celebration s<br><br>January to February<br><br>Once in a month | English teacher<br><br>English teacher<br><br>English teacher | | English Club<br><br>English club<br><br>English club |
| 4) Increase confidence in the English language Those who are very poor in English | ❖ English Language Enrichment program<br>Giving special care and opportunities to the students who feel difficulty in English language.<br><br>❖ The Grand Fest English<br><br>An English fest is organized by creating an English environment by involving students and other individuals in the community. Children in grades 5, 6, and 7 are provided with the opportunity to come forward with a variety of programs. | June to February<br><br>Daily 2 hours other than school hours<br><br>At the end of the year | Resource Person<br><br>English teachers<br><br>English teachers, PTA officials, parents | Class room<br><br>School Auditorium | English club<br><br>English Club<br><br>English club<br><br>English club |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹിന്ദി-2025-26

**പൊതുവായ ലക്ഷ്യങ്ങൾ:**

* Up ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

* ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും, ദേശസ്നേഹവും വളർത്തിയെടുക്കുക.

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)5,6,7 ക്ലാസുകളിൽ അക്ഷരബോധം ഉറപ്പിക്കൽ. | പുതിയ അക്ഷരങ്ങൾ, വാക്കുകൾ എന്നിവ പരിചയപ്പെടുത്തുന്നതിനായി ഓഡിയോ, വീഡിയോ, അക്ഷരമാല ചാർട്ട്, വിവിധ ക്ലാസ്സുതല പ്രവർത്തനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തും. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| 2) ഹിന്ദി വായന: തെറ്റ് കൂടാതെയും ഉച്ചാരണ ശുദ്ധിയോടെയും ഉള്ള ഹിന്ദി വായന പ്രോത്സാഹിപ്പിക്കൽ. | ക്ലാസ് റൂം പ്രവർത്തനങ്ങളിലുള്ള വായനയ്ക്ക് പുറമെ ചിത്രകഥകൾ, ചെറുകവിതകൾ, അസംബ്ലിയിൽ പത്രവായന, സുരീലി ഹിന്ദി വീഡിയോകൾ, തുടങ്ങിയവ ഉപയോഗപ്പെടുത്തും. മത്സര വായന നടത്തി വായനയെ പ്രോത്സാഹിപ്പിക്കും | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| 3. ഹിന്ദി എഴുത്ത് ഹിന്ദി തെറ്റുകൂടാതെ എഴുതാനുള്ള പരിശ്രമം | വാക്കുകളെയും, വാചകങ്ങളെയും ക്രമപെടുത്താനുള്ള പ്രവർത്തനങ്ങൾ, വാക്യ രചന, നോക്കിയെഴുത്ത്, കേട്ടെഴുത്ത്,പദസൂര്യൻ, സൂചകങ്ങൾ എന്നിവ നൽകി വിവരണങ്ങൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| 4. ഹിന്ദി സംസാരം. നിത്യജീവിതത്തിൽ ഉപയോഗിക്കാവുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുക.ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | ഹിന്ദി സംസാരം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസുകളിൽ ഹിന്ദി മാധ്യമം കൂടുതലായി ഉപയോഗിക്കും. ഹിന്ദി അസംബ്ലി, ക്ലാസ് പ്രവർത്തനങ്ങളിൽ സംഭാഷണം, നാടകാവതരണം എന്നിവയ്ക്ക് അവസരം നൽകുന്നു. സുരീലി ഹിന്ദി പ്രവർത്തനങ്ങൾ, ഹിന്ദി റേഡിയോ , ദിനാചരണ പ്രവർത്തനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തും | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |

**ജി.ബി. യു.പി.എസ് തത്തമംഗലം**

**അക്കാദമിക് മാസ്റ്റർ പ്ലാൻ2025-26**

**UP-അടിസ്ഥാന ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| 🌳 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 💐 ജൈവവൈവിധ്യ ഉദ്യാനം<br>📌ഔഷധത്തോട്ടം<br>📌പച്ചക്കറിത്തോട്ടം<br>📌ശലഭോദ്യാനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഇക്കോ ക്ലബ്/ സയൻസ് ക്ലബ് |
| | 💐 RET PLANT CONSERVATION<br>📌വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ സംരക്ഷിക്കുക | ജൂൺ മുതൽ... | |
| 🌳 പരീക്ഷണ കളരി ഒരുക്കാൻ പ്രാപ്തമാക്കുക | 📌നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ |
| | 📌 പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധങ്ങളായ ജീവികളുടെയും വസ്തുക്കളുടെയും മോഡലുകൾ തയ്യാറാക്കുക. | | |
| 🌳 ശാസ്ത്ര സ്റ്റിൽ മോഡൽ ഗാലറി തയ്യാറാക്കാൻ പ്രേരിപ്പിക്കുക. | 📌 വിവിധ ശാസ്ത്ര ആശയങ്ങൾ ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| 🌳 ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ആധുനികശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 📌 ശാസ്ത്ര വിസ്മയ ചുമർ | ഓഗസ്റ്റ് മുതൽ | |

| | | | |
|---|---|---|---|
| 🌳 <u>പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ.</u> | _ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | | ശാസ്ത്ര അധ്യാപകർ |
| 🌳 <u>ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.</u> | 📌 <u>വിസ്മയ യാത്ര</u><br><br>**ICT** യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ, ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ |
| | | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ |

## *Academic master plan*
## *UP Mathematics*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)അടിസ്ഥാന ഗണിതക്രിയകൾ എല്ലാവർക്കും ഉറപ്പുവരുത്തുന്നു. | # പ്രീ- ടെസ്റ്റ് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br># വർക്ക് ഷീറ്റുകൾ നൽകുന്നു. | ആഴ്ചയിൽ 1 | ക്ലബ്ബ് അംഗങ്ങൾ | അദ്ധ്യാപകർ |
| 2) ജ്യാമിതീയ രൂപങ്ങൾ കൃത്യതയോടെയും സൂക്ഷ്മതയോടെയും വരയ്ക്കുന്നതിനും നിർമ്മിക്കുന്നതിനും ഉള്ള കഴിവ് എല്ലാവർക്കും ഉറപ്പ് വരുത്തുന്നു. | # ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ജോമട്രിക്കൽ ട്രീ തയ്യാറാക്കൽ.<br><br># ഗണിത പൂക്കളം ഒരുക്കൽ | 1 മാസം | അദ്ധ്യാപകർ , ക്ലബ്ബ് അംഗങ്ങൾ | പിടിഎ |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ | # സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് പതാക നിർമ്മാണം. | ആഗസ്റ്റ് | അദ്ധ്യാപകർ | അദ്ധ്യാപകർ |
| 4) ഗണിതം നിത്യജീവിതത്തിലൂടെ | # ജനസംഖ്യാദിനത്തിൽ കുടുംബങ്ങളിലെ ജനസംഖ്യ കണക്കെടുപ്പ് .<br>തുടർന്ന് ജില്ലകളിലെയും സംസ്ഥാനങ്ങളിലെയും ജനസംഖ്യ കണ്ടെത്തൽ. | 1 മാസം | ഗണിത ക്ലബ് അംഗങ്ങൾ, അദ്ധ്യാപകർ | |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കാൻ | # ഗണിത അസംബ്ലി<br># ഗണിത എക്സിബിഷൻ #ഗണിത ലാബ് സജ്ജമാക്കൽ<br>#പ്രകൃതിയിലെ ഗണിത കൗതുകങ്ങൾ കണ്ടെത്തൽ. | ഡിസംബർ | അദ്ധ്യാപകർ | പിടിഎ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | # ജാമിതീയ രൂപങ്ങൾ, ടാൻഗ്രാം, ചതുഷ്ക്രിയകൾ, വിവരങ്ങൾ പട്ടികപ്പെടുത്തൽ,ഗ്രാഫ് ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗപ്പെട്ടു ത്തുന്നു. | മാസത്തിൽ ഒരു തവണ | അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുന്നു. | # ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് അവർക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | മാസത്തിൽ 1 തവണ | അധ്യാപകർ | |

## യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് quiz നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | Social science club |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പരീക്ഷകളെഴുതാൻ പ്രാപ്തി<br>നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യങ്ങൾ / الأغراض | പ്രവർത്തനങ്ങൾ / العمليات | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോട് സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | (1) മികവിന്റെ വഴിയിൽ:- ഒന്നാം ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക.<br>മുന്നറിവ് പരിശോധിക്കൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ. | 5, 6, 7 | ജൂൺ - ജൂലൈ | അധ്യാപകർ | BRC<br>PTA |
| | (2) വായനാവസന്തം:- വായന മത്സരം<br>ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി<br>വായനക്കുറിപ്പ് ശേഖരണം. | | | | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്റൂമുകളിൽ ഒരുക്കുക. | (3) എഴുത്തുത്സവം:- എഴുത്തുകൂട്ടം<br>പതിപ്പുകളുടെ നിർമ്മാണം<br>വായനക്കുറിപ്പ് ശേഖരണം<br>ചുമർ പത്രിക, പോസ്റ്ററുകൾ നിർമ്മാണം. | 5, 6, 7 | ആഗസ്റ്റ് - സെപ്തംബർ | അധ്യാപകർ | SRG<br>PTA |
| ഭാഷാപഠനത്തിൽ I.T യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | (4) അറബിക് കമ്മ്യൂണിക്കേഷൻ:-<br>അറബിക് മേള / നാടകം / സംഭാഷണം<br>മോണോ ആക്ട് / പ്രസംഗം<br>ഭാഷാപ്രദർശനം. | 5, 6, 7 | October<br>November | അധ്യാപകർ | |
| | (5) ലാംഗ്വേജ് ലാബ്:- അറബി ഭാഷാ സാഹിത്യ ശേഖരങ്ങൾ<br>സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 7 std | January - February | അധ്യാപകർ | SRG<br>PTA<br>DIET |